പ്രൈമറി മിഡിൽ സ്കൂൾ ഇൻസ്പെക്ടർ

*ക ൦ ൭. (൪൩) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) കുന്നത്തുനാട് താലൂക്കിൽ പ്രൈമറി ആൻറ് മിഡിൽ സ്കൂൾ ഇൻസ്പെക്ടറെപ്പറ്റി വല്ല പരാതികളും ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരോപണങ്ങൾ എന്തു;

(സി) അതിനെ എന്തു നടപടി നടത്തി?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ഉണ്ടു.

(ബി) പ്രധാനമായി ഗ്രാൻറ് സ്കൂൾ മാനേജ്മെൻറുമായിട്ടുള്ള കത്തിടപാടുകളും പെരുമാറ്റവും അഭിപ്രായവിത്യാസമോ നിന്ദാപരമോ ആണെന്നാണ്.

(സി) വേണ്ട അന്വേഷണം നടത്തി. ഇൻസ്പെക്ടരുടെ നടപടികളിൽ പ്രതിഷേധാർഹമായി യാതൊന്നും കണ്ടില്ല. എന്നാലും ഇൻസ്പെക്ടർക്ക് വേണ്ട നിർദ്ദേശം കൊടുത്തിട്ടുണ്ടു.

ഗ്രാമീണറോഡ്

*ക ൦ വ. (൪൯) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗ്രാമീണറോഡുകളെപ്പറ്റി വേണ്ടതു ചെയ്യുവാൻ നിയമിച്ചിരുന്ന ഉദ്യോഗസ്ഥൻ ഇതിനകം എന്തുചെയ്തു;

(ബി) ഗ്രാമീണറോഡുകൾ എല്ലാം ഗവൺമെണ്ടിൽനിന്നും ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ഇ. ജോൺ ഫിലിപ്പോസ്):

(എ) സ്പെഷ്യലാഫീസർ ഗ്രാമീണറോഡുകളുടേയും റയട്ട്സ് റോഡുകളുടേയും സർവ്വെ നടത്തിയതിനുശേഷം ആവശ്യമുള്ള ലിസ്റ്റുകൾ തയാറാക്കിക്കഴിഞ്ഞു. ഫൈനൽ റിപ്പോർട്ട് കിട്ടിയിട്ടില്ല.

(ബി) ബഡ്ജറിലെ തുക അനുവദിക്കുന്നിടത്തോളം ഗ്രാമീണറോഡുകളുടെ അറ്റകുറ്റപ്പണികൾ ചെയ്യുന്നതും സംരക്ഷണം ഗവൺമെണ്ടു കീഴിലാക്കുന്നതുമാണ്.

തോട്ടം തൊഴിലാളികളുടെ ശമ്പളവും ജോലിയും

ക ൦ ൯. (൪൯) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ലേബർ വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തോട്ടം തൊഴിലാളികളുടെ കൂലി കുറവു പരിഹരിക്കുന്നതിനും ജോലി സ്ഥിരത നൽകുന്നതിനുംവേണ്ടി ഗവൺമെണ്ടു വല്ല നടപടിയും സ്വീകരിച്ചിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ അവ എന്താണെന്നും പറയുമോ.—

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): തോട്ടം തൊഴിലാളികളുടെ കൂലിയിൽ അടുത്തകാലത്തെങ്ങും കുറവുവരുത്തിയിട്ടില്ല. ഫെർവ്വ മേയ്മാസത്തിനുശേഷം റബ്ബർതോട്ടം തൊഴിലാളികൾക്ക് പ്രതിദിനം രണ്ടണ വീതവും തേയിലത്തോട്ടം തൊഴിലാളികൾക്ക് പ്രതിദിനം മുന്നര അണ വീതവും ഡിയർനസ് അലവൻ

LIBRARY ARCHIVES Kerala Legislative Assembly